Draft #1 of File 74574/AC A1-2/2022/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 18-May-2022 04:32 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

<u>**സംഗ്രഹം**</u>

അഫിലിയേറ്റഡ് ആർട്സ് & സയൻസ് കോളേജുകൾ - ബിരുദ / ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾ - സ്പോർട്സ് ക്വാട്ട പ്രവേശനം - അലോട്ട്മെന്റ് പ്രക്രിയയുടെ ഭാഗമായുള്ള പ്രവേശനത്തിന് ശേഷവും അനുവദനീയമായിട്ടുള്ള സീറ്റുകളിലേക്കുള്ള പ്രവേശനം - Over and above sanctioned strength ആയി സീറ്റുകൾ അനുവദിക്കുന്നത്-നിർദേശങ്ങൾ നൽകിക്കൊണ്ട്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 5263/AC A 1/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 19.05.2022

---

*പരാമർശം:*-1)10.05.2022-ൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ ആൻഡ് അപ്രൂവൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ OA 1

<u>**ഉത്തരവ്**</u>

10.05.2022-ൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ ആൻഡ് അപ്രൂവൽ യോഗം, അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ വിവിധ ബിരുദ/ ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളിലേക്കുള്ള സ്പോർട്ട്സ് ക്വാട്ട പ്രവേശനവുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം താഴെ പറയുന്നവ ശിപാർശ ചെയ്തിരുന്നു.

"അലോട്മെന്റ് പ്രക്രിയയുടെ ഭാഗമായുള്ള സ്പോർട്ട്സ് ക്വാട്ടാ പ്രവേശനത്തിന് ശേഷവും അനുവദനീയമായ സ്പോർട്ട്സ് ക്വാട്ട സീറ്റുകളിൽ പൂർണ്ണമായും പ്രവേശനം നടത്താൻ കഴിയാതിരുന്ന പ്രോഗ്രാമുകളിലേക്ക് ഡേറ്റ് ഓഫ് ക്ലോസിംഗ് ഓഫ് അഡ്മിഷൻസ് -നു മുൻപായി അപേക്ഷകർ കോളേജുകളെ സമീപിക്കുന്ന പക്ഷം അത്തരം കോളേജുകളുടെ അപേക്ഷ പരിഗണിച്ച് നിലവിലുള്ള സ്പോർട്സ് ക്വാട്ടാ നിയമങ്ങൾക്കും താഴെപ്പറയുന്ന നിബന്ധനകൾക്കും വിധേയമായി അപേക്ഷകർക്ക് ലഭ്യമായ പ്രോഗ്രാമുകളിലേക്ക് ഒരു സീറ്റ് 'Over and above sanctioned strength ' ആയി അനുവദിക്കാവുന്നതാണ്.

1.നിലവിലെ പ്രവേശന നിയമങ്ങളനുസരിച്ച് തന്നെയായിരിക്കും സ്പോർട്സ് ക്വാട്ടാ പ്രവേശനം നടത്തേണ്ടത്.

2.ഇങ്ങനെ പ്രവേശനം പൂർത്തീകരിച്ചതിനു ശേഷവും ഡേറ്റ് ഓഫ് ക്ലോസിംഗ് ഓഫ് അഡ്മിഷൻസിനു മുൻപായി സ്പോർട്ട്സ് ക്വാട്ടാ പ്രവേശനത്തിനായി അപേക്ഷകർ കോളേജുകളെ സമീപിക്കുന്ന പക്ഷം നിലവിൽ അനുവദനീയമായ സ്പോർട്ട്സ് ക്വാട്ടാ സീറ്റുകളിൽ പരമാവധി അനുവദനീയമായ സീറ്റുകളിൽ പൂർണ്ണമായും പ്രവേശനം നടത്താൻ കഴിയാതിരുന്ന പ്രോഗ്രാമുകൾക്ക് ഒരു സീറ്റ് 'Over and above sanctioned strength' ആയി അനുവദിക്കാവുന്നതാണ്.

3.ഇതിനായി ഇത്തരം കോളേജുകൾ സർവ്വകലാശാലയുടെ ഫൈനൽ അലോട്ട്മെന്റിനു മുൻപായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

4.'Over and above sanctioned strength' ആയി അനുവദിക്കുന്ന സീറ്റുകൾക്ക് ഇന്റർ

ചെയിഞ്ചബിലിറ്റി സൗകര്യം ലഭ്യമായിരിക്കുന്നതല്ല.

5.ഇത്തരത്തിൽ അനുവദിക്കുന്ന സ്പോർട്ട്സ് ക്വാട്ടാ സീറ്റുകൾ ഉൾപ്പെടെ ഒരു പ്രോഗ്രാമിനു അനുവദനീയമായ സീറ്റുകൾ എഴുപതായിരിക്കുന്നതാണ് ."

മേൽ ശിപാർശകൾ, മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985 , അദ്ധ്യായം III , സെക്ഷൻ 10 (17) അനുസരിച്ചുള്ള അധികാരമുപയോഗിച്ച് വൈസ് ചാൻസലർ അംഗീകരിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.അഫിലിയേറ്റഡ് കോളേജുകൾ
2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4.എആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )
5.പി.ആർ.ഒ / എൻക്വയറി/ ഐ.ക്യൂ.എ .സി / ഐ.റ്റി.സെൽ / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷനുകൾ / യൂണിവേഴ്സിറ്റി വെബ് സൈറ്റ്
6.എസിസി I /എസിസി II /എസിബി 6/ ആക്ഷൻ ടേക്കൺ റിപ്പോർട്ട്
7.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 74574/AC A1-2/2022/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 18-May-2022 04:32 PM - Page 2